ഒരുകോടി രൂപയാണ് ഗുരുവിദ്യാ നിധിയുടെ പ്രാഥമിക ലക്ഷ്യം. അതിനായി എല്ലാവരും അവരവരുടെ ഒരു മാസത്തെ വരുമാനം ഗുരുവിദ്യാനിധിയിലേക്ക് ഗുരുപാദകാണിക്കയായി സമർപ്പിക്കണം എന്ന് എസ്എൻപി സി കേന്ദ്ര സമിതി അഭ്യർത്ഥിക്കുന്നു. അത് ഓരോരുത്തർക്കും സൗകര്യമുള്ള തവണകളായി ഒരു വർഷത്തിനകം അടച്ചാൽ മതി. സർവീസിൽ നിന്നും പുതുതായി വിരമിക്കുന്നവർ അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ ഒരംശം, അതുപോലെതന്നെ കുട്ടികളുടെ വിവാഹം പോലുള്ള ചടങ്ങുകളിൽ ആർഭാടം കുറച്ച് ഗുരുവിദ്യാനിധിയിലേക്ക് സമർപ്പിച്ചാൽ അത് മഹനീയ മാതൃകയാവും. SNPC അംഗങ്ങളല്ലാത്ത ധാരാളം സുമനസ്സുകൾ SNDP യോഗത്തിലുണ്ട്. അവരുടെ കൂടി സഹകരണത്തോടെ സമുദായത്തിലെ പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ തുടർച്ചക്ക് അവസരമൊരുക്കാൻ ഈ പദ്ധതിയിലൂടെ നമുക്ക് കഴിയും. സിവിൽ സർവീസ്, അടക്കമുള്ള അധികാരകേന്ദ്രങ്ങളിൽ നമ്മുടെ സാന്നിധ്യം വർധിപ്പിക്കുന്നതിനു നിർണായക ഇടപെടൽ നടത്തുകയും ഓരോ വർഷവും ആയിരം പേരെ PSC നിയമനത്തിന് അർഹരാക്കാൻ കഴിയുന്ന വിധം മികവ് വർധിപ്പിക്കുകയും ഗുരുവിദ്യാനിധിയുടെ മുഖ്യ ലക്ഷ്യങ്ങളാണ്. 'ശ്രീനാരായണ പെൻഷനേഴ്സ് കൌൺസിൽ' എന്ന പേരിൽ ഫെഡറൽ ബാങ്ക് പോളയത്തോട് (കൊല്ലം) ശാഖയിൽ, എസ്എൻപിസി കേന്ദ്ര സമിതി പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ ചേർന്ന് തുറന്നിട്ടുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് സംഭാവനകൾ NEFT ചെയ്യാവുന്നതാണ്.(No.14590200013906; IFSC :FDRL 0001459). ഗുരുവിദ്യാനിധിയുടെ അക്കൗണ്ടുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് കേന്ദ്ര സമിതി ട്രഷറർ ഡോ.R ബോസ്, വൈസ് പ്രസിഡണ്ട് ശ്രീ. പി കെ വേണുഗോപാലൻ, കേന്ദ്ര സമിതി അംഗം ശ്രീ എം കെ നാരായണൻ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

SNPC ആരംഭിച്ചിട്ടുള്ള ഗുരുവിദ്യാനിധിയുടെ ലക്ഷ്യങ്ങളുമായി സഹകരിക്കാൻ തയ്യാറുള്ള വ്യക്തികളുടെയും സംഘടനകളുടെയും സംഭാവനകൾ കൂടി ഉണ്ടായാൽ നമ്മുടെ കർമ്മപദ്ധതികൾ വളരെ വേഗം പൂവണിയുമെന്നുറപ്പുണ്ട്. അതുകൊണ്ട് സാമൂഹ്യ പുരോഗതിയിൽ താല്പര്യമുള്ള എല്ലാ സഹോദരങ്ങളുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ഉണ്ടാവണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**മഹാഗുരു സ്മരണയോടെ**
**SNPC കേന്ദ്ര സമിതിക്ക് വേണ്ടി**


**KM സജീവ്**
**പ്രസിഡന്റ്**
**9447231994**

**അഡ്വ. MN ശശിധരൻ**
**സെക്രട്ടറി**
**9447526738**

**Dr. R ബോസ്**
**ട്രഷറർ**
**9037644729**


